**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2003** **04-02-2026 - ൽ മറുപടിയ്ക്ക്**

**ക്ഷീര വികസന മേഖലയിലെ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നത് വഴി കൂടുതൽ മെച്ചപ്പെട്ട ഉരുക്കളെ പുതുതായി എത്തിക്കുന്നതിനും ആധുനിക ഫാമിംഗ് രീതികൾ നടപ്പിലാക്കുന്നതിനും തീറ്റച്ചെലവ് കുറയ്ക്കുന്നതിനും പുൽകൃഷി വ്യാപിപ്പിക്കുന്നതിനും ബാങ്ക് ലോൺ പലിശ സബ് സിഡിയായി അനുവദിക്കുന്നതിനും കർഷകർക്ക് ധനസഹായം നൽകി വരുന്നു. യുവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് 10 പശുക്കളെ വളർത്തുന്ന ക്ഷീര യുവ പദ്ധതി നടപ്പിലാക്കുന്നു.<br><br>എം എസ് ഡി പി പദ്ധതിയിൽ ഉരുക്കളെ വാങ്ങുന്നതിന് (1 പശു മുതൽ 20 പശുക്കൾ വരെയുള്ള യൂണിറ്റുകൾ), ഫാം ആധുനിക വൽക്കരണം, കാലിത്തൊഴുത്ത് നിർമ്മാണം, കറവയന്ത്രം, കിടാരി പാർക്കുകൾ, ക്ഷീരലയം, ക്ഷീരതീരം പദ്ധതികൾ, ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽ കൃഷി വികസന പദ്ധതി വഴി 20 സെന്റ് മുതൽ തീറ്റപ്പുൽ കൃഷിയ്ക്ക് സഹായം, തരിശുനില പുൽകൃഷി, ജെ എൽ ജി കൾക്ക് പുൽകൃഷിയ്ക്കുള്ള സഹായം, ചോളം കൃഷി ചെയ്യുന്നതിനുള്ള സഹായം, പുൽകൃഷിയ്ക്കുള്ള യന്ത്ര വൽക്കരണ സഹായം എന്നിവ നടപ്പിലാക്കി വരുന്നു. ക്ഷീര സംഘങ്ങൾ വഴി കാലിത്തീറ്റ (പച്ചപ്പുൽ വൈക്കോൽ, സൈലേജ്, ടി എം ആർ) വിതരണ പദ്ധതി നടപ്പിലാക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾ വഴി ക്ഷീരവികസന പദ്ധതികളായ പാലിന് സബ് സിഡി, കാലിത്തീറ്റ സബ് സിഡി, ഡയറിഫാം ആധുനിക വൽക്കരണം, ഉരുക്കളെ വാങ്ങുന്ന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു.<br><br>പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനും വേണ്ടി മിൽമയും മേഖലാ |

| | | | |
|---|---|---|---|
| | | | യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ക്ഷീരകർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിനായി മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് നിലവിൽ 100 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളായും നൽകുന്നതിനു പുറമേ വിവിധ സബ്സിഡികളായും, അധിക പാൽവിലയായും, വിവിധ ക്ഷേമ പ്രവർത്തനങ്ങളായും, കർഷകക്ഷേമ പദ്ധതികളായും മിൽമ ക്ഷീരകർഷകർക്ക് തന്നെ കൈമാറുന്നു. സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടു കൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു നൽകിക്കൊണ്ടും, ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ തങ്ങളാലാകും വിധമൊക്കെ ക്ഷീരകർഷകന്റെ വർദ്ധിച്ചുവരുന്ന ഉൽപാദനചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽ പേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കുവാനും അതുവഴി ക്ഷീരോൽപാദനം വർദ്ധിപ്പിച്ചുകൊണ്ട് പാലുൽപാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | ക്ഷീര വികസന മേഖലയുടെ ഉന്നമനത്തിന് ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ നൂതന പദ്ധതികൾ വിശദമാക്കാമോ; | (ബി) | അതി ദരിദ്രർക്കുള്ള 1 പശു യൂണിറ്റ് സർക്കാരിന്റെ അതി ദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ടവർക്ക് 90 ശതമാനം സബ്സിഡിയോടെ 1 പശു യൂണിറ്റ് അനുവദിക്കുന്നതിനുള്ള പദ്ധതി വഴി 287 കുടുബങ്ങൾക്ക് 95400/-രൂപ വീതം ധനസഹായം നൽകി. തോട്ടം മേഖലയിലെ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി ലയങ്ങളിൽ കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് സ്ഥാപിച്ച 10 പശുക്കളെ വളർത്തുന്നതിന് ക്ഷീരലയം സ്ഥാപിക്കുന്നതിന് 11 ലക്ഷം രൂപ അനുവദിച്ചു.<br><br>തീരദേശ മത്സ്യ, കയർ മേഖലയിലെ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന ക്ഷീരതീരം പദ്ധതിയിൽ 2 പശു യൂണിറ്റ് 318 |

കുടുംബങ്ങൾക്ക് അനുവദിച്ച് നൽകി. യുവാക്കളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ക്ഷീരയുവ പദ്ധതി നടപ്പിലാക്കി വരുന്നു. ഡയറി ഫാം നടത്തുന്നതിന് എടുക്കുന്ന ലോണിന്റെ 5 വർഷം വരെയുള്ള മുഴുവൻ പലിശയും (പ്രതി വർഷം പരമാവധി 3 ലക്ഷം രൂപ) അനുവദിക്കുന്ന ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി

ജെ എൽ ജി/ എസ് എച്ച് ജി/ രജിസ്റ്റേഡ് ഗ്രൂപ്പുകൾക്കുള്ള 5 പശു, 10 പശു യൂണിറ്റുകൾ വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവയ്ക്കുള്ള 50 കിടാരികളെ വളർത്തുന്ന കിടാരി പാർക്കുകൾ, ജെ എൽ ജി കൾക്കുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം, ബയോ ഇൻപുട്ട്സ് നിർമ്മാണ യൂണിറ്റുകൾക്കുള്ള ധനസഹായം 8 മാസം മുതൽ ചെനയുള്ള പശുക്കൾക്കുള്ള പ്രത്യേക പരിരക്ഷാ പദ്ധതി

ക്ഷീരസംഘങ്ങളിൽ സൗരോർജ്ജ പാനലുകൾ, ഇ ടി പി എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള ഏകീകൃത സോഫ്റ്റ് വെയർ പദ്ധതി ക്ഷീരമേഖലയെ സംബന്ധിച്ച വിവരശേഖരണം, ക്രോഡീകരണം എന്നിവ നടത്തുന്നതിനായി കേരളാ സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ആന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു.

ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, ക്ഷീരസംഘം ജീവനക്കാർ എന്നിവർക്ക് ക്ഷീരസാന്ത്വനം ഇൻഷുറൻസ് പരിരക്ഷാ പദ്ധതി

ക്ഷീര വികസന മേഖലയുടെ ഉന്നമനത്തിന് മിൽമ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- തൃപ്പൂണ്ണിത്തുറയിൽ സ്ഥാപിച്ച രണ്ട് മെഗാവാട്ട് സൗരോർജ്ജ പ്ലാൻറിലൂടെ രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഓൺ ഗ്രിഡ് സൗരോർജ്ജ ഡയറിയായി മിൽമ എറണാകുളം തൃപ്പൂണിത്തുറ ഡയറി മാറി.
- 131.3 കോടി രൂപ ചെലവിൽ നിർമ്മിച്ചിരിക്കുന്ന 10 ടൺ ഉൽപ്പാദന ശേഷിയുള്ള മിൽമയുടെ മലപ്പുറത്തെ മൂർക്കനാട് പാൽപ്പൊടി നിർമാണ ഫാക്ടറി 2024-ൽ പ്രവർത്തനമാരംഭിച്ചു. ഇതു വഴി പ്രതികൂല സാഹചര്യങ്ങളിൽ മിച്ചം വരുന്ന പാൽ നശിച്ചു പോകാതെ പൊടിയാക്കി മാറ്റാൻ കേരളത്തിൽ തന്നെ സൗകര്യമുണ്ടാകുകയും, ക്ഷീരകർഷകർ

| | | | |
|---|---|---|---|
| | | | സംഭരിക്കുന്ന മുഴുവൻ പാലിനും വിപണി കണ്ടെത്താൻ സാധിക്കുകയും ആയത് കേരളത്തിന്റെ ക്ഷീരോൽപ്പാദന മേഖലയ്ക്ക് ഊർജ്ജമായി മാറുകയും ചെയ്യുന്നതാണ്.<br>• ഡ്രഗ് ലൈസൻസോടെ ആയുർവേദ വെറ്റിനറി മരുന്നുകൾ ഉൽപ്പാദിപ്പിച്ച് പ്രചരിപ്പിക്കുന്ന മിൽമയുടെ പ്രവർത്തനങ്ങൾക്ക് മൻ കി ബാത്തിലൂടെയുള്ള പ്രധാനമന്ത്രിയുടെ പ്രശംസ ലഭിച്ചു.<br>• കാലാവസ്ഥാ വ്യതിയാനത്തിലൂടെ കറവമൃഗങ്ങളിൽ ഉണ്ടാകുന്ന ഉല്പാദനക്കുറവിനാലുള്ള സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി, രാജ്യത്ത് ആദ്യമായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയ ക്ഷീരസഹകരണ പ്രസ്ഥാനം മിൽമയാണ്.<br>• ദേശീയ ക്ഷീരവികസന പദ്ധതിയുടെ സഹായത്തോടെ നിർമ്മിച്ച മിൽമ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലാബ്, പാൽ, പാലുത്പന്നങ്ങൾ, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ കർശനമായ ഗുണനിലവാര പരിശോധനയ്ക്ക് ഉതകുന്നതാണ്. |
| (സി) | ക്ഷീര കർഷകരുടെ ഉന്നമനത്തിന് നൽകി വരുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ? | (സി) | **ക്ഷീരകർഷകർക്കുള്ള പദ്ധതികൾ**<br><br>**മിൽക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (MSDP)**<br><br>**ഒരു പശു യൂണിറ്റ്** - പശു വളർത്തൽ ഉപജീവനമാർഗ്ഗമായുള്ള കർഷകർക്കുള്ള പദ്ധതി സബ് സിഡി തുക 30,000/- രൂപ / യൂണിറ്റ്<br><br>**രണ്ട് പശു യൂണിറ്റ്** - പശു വളർത്തൽ ഉപജീവനമാർഗ്ഗമായുള്ള കർഷകർക്കുള്ള പദ്ധതി സബ് സിഡി തുക 60,000/- രൂപ / യൂണിറ്റ്<br><br>**അഞ്ച് പശു യൂണിറ്റ്** - പശു വളർത്തൽ ഉപജീവനമാർഗ്ഗമായുള്ള കർഷകർക്കുള്ള പദ്ധതി സബ് സിഡി തുക 1,50,000/- രൂപ / യൂണിറ്റ്<br><br>**പത്ത് പശു യൂണിറ്റ്** - ബാങ്ക് ലോൺ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പശു വളർത്തൽ സബ്സിഡി തുക 3,80,000/- രൂപ / യൂണിറ്റ്<br><br>**ഇരുപത് പശു യൂണിറ്റ്** - ബാങ്ക് ലോൺ ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിലുള്ള പശു വളർത്തൽ സബ്സിഡി തുക 7,60,000/-രൂപ / യൂണിറ്റ് |

**ക്ഷീര യുവ (സ്മാർട്ട് ഡയറി ഫാം)-** യുവ സംരംഭകർക്കുള്ള പ്രത്യേക 10 പശു ഡയറി ഫാം -പദ്ധതി (ലോൺ ബാധകം) സബ്സിഡി തുക -4,64,000/- രൂപ / യൂണിറ്റ്

**ഗ്രൂപ്പുകൾക്കുള്ള പശു വാങ്ങൽ പദ്ധതി -** ജെ എൽ ജി, എസ് എച്ച് ജി, എഫ് പി ഒ മറ്റ് രജിസ്റ്റേഡ് ഗ്രൂപ്പുകൾ എന്നിവയ്ക്കുള്ള 5, 10 പശു വളർത്തൽ പദ്ധതി (ലോൺ ബാധകം) - സബ് സിഡി തുക 1,83,000/- രൂപ / 5 പശു യൂണിറ്റ്, 3,80,000/- രൂപ / 10 പശു യൂണിറ്റ്

**ക്ഷീരഗ്രാമം** - തെരഞ്ഞെടുത്ത 51 ഗ്രാമ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി നടത്തുന്ന പ്രത്യേക പദ്ധതി

**കിടാരി പാർക്ക് ( Heifer Park)** - 50 കിടാരികളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും സർക്കാർ പദ്ധതി ഗുണഭോക്താക്കൾക്ക് വിൽപന നടത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി (വ്യക്തികൾ/ ഗ്രൂപ്പുകൾ / ക്ഷീരസംഘങ്ങൾ / FPO/ JLG/ SHG) സബ് സിഡി തുക ഒന്നാം ഘട്ടം -9,00,000/- രൂപ, രണ്ടാം ഘട്ടം - 6,00,000/- രൂപ,

**ക്ഷീരലയം** - തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡിൽ 10 പശുക്കളെ വളർത്തുന്നതിനുള്ള പദ്ധതി- സബ് സിഡി തുക - 11,00,000/-(രൂപ) / യൂണിറ്റ്

**ക്ഷീര തീരം** - തീരദേശത്തെ മൽസ്യം, കയർ മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക 2 പശു യൂണിറ്റ് പദ്ധതി (വ്യക്തിഗതം) - സബ്സിഡി തുക - 1,29,000/-(രൂപ) /യൂണിറ്റ്

**ഇടുക്കി സ്പെഷ്യൽ പാക്കേജ്** - ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായുള്ള വിവിധ ക്ഷീരവികസന പദ്ധതികൾ സബ് സിഡി തുക - 25,00,000/-(രൂപ)

**ബാങ്ക് ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം** - ഡയറി ഫാമിംഗ് സംരംഭങ്ങൾക്കായി 5 ലക്ഷത്തിൽ കുറയാത്ത ലോൺ എടുത്ത് കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 5 വർഷം വരെ 100 ശതമാനം പലിശയും സബ്സിഡിയായി നൽകുന്നു (പ്രതിവർഷം പരമാവധി 3 ലക്ഷം രൂപ)

അസിസ്റ്റൻസ് ടു പ്രോഗ്രസ്സീവ് ഡയറി ഫാമേഴ്സ് ( ആവശ്യാധിഷ്ഠിത ധനസഹായം)- സബ് സിഡി തുക 50,000/- (രൂപ) / യൂണിറ്റ്

**ധാതുലവണ മിശ്രിതം വിതരണം**

ഡയറി ഫാമുകളുടെ യന്ത്രവൽക്കരണവും ആധുനിക വൽക്കരണവും സബ്സിഡി തുക 50,000/- (രൂപ) / യൂണിറ്റ്

**കാലിത്തൊഴുത്ത് നിർമ്മാണം** - സബ്സിഡി തുക 50,000/-(രൂപ) / യൂണിറ്റ്

**കറവയന്ത്രം** - സബ്സിഡി തുക 30,000/-(രൂപ) / യൂണിറ്റ്

കൊമേഴ്ഷ്യൽ ഡയറി ഫാമുകളുടെ ആധുനിക വൽക്കരണം - സബ് സിഡി തുക 50,000/- (രൂപ) / യൂണിറ്റ്

**തീറ്റപ്പുൽകൃഷി വികസന പദ്ധതി**

ക്ഷീരകർഷകർ, ക്ഷീരസംഘങ്ങൾ എന്നിവ മുഖേന തീറ്റപ്പുൽ കൃഷി ഉൽപാദനവും സംരക്ഷണവും

20 സെന്റിന് മുകളിൽ സബ്സിഡി തുക (33,000/- രൂപ)/ ഹെക്ടർ

20 സെന്റിൽ താഴെ - (സൗജന്യ പുൽക്കട വിതരണം മാത്രം)

**ജലസേചന ധനസഹായം** - 1 ഏക്കറിൽ താഴെയുള്ള പുൽകൃഷി - സബ്സിഡി തുക 10,000/-(രൂപ) / യൂണിറ്റ്

**ജലസേചന ധനസഹായം** - 1 ഏക്കറിന് മുകളിലുള്ള പുൽകൃഷി - സബ്സിഡി തുക 25,000/-(രൂപ) / യൂണിറ്റ്

**യന്ത്രവൽക്കരണ ധനസഹായം** - ചാഫ് കട്ടർ, ബ്രഷ് കട്ടർ മുതലായ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി സബ് സിഡി തുക 10,000/-(രൂപ)/ യൂണിറ്റ്

**വാണിജ്യാടിസ്ഥാനത്തിൽ തരിശ്ശ നിലത്തിൽ തീറ്റപ്പുൽ കൃഷി** - 1 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷിചെയ്യുന്നതിന് വ്യക്തികൾ, ഗ്രൂപ്പുകൾ ക്ഷീരസംഘങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി - സബ്സിഡി തുക 1,00,000/- (രൂപ) /യൂണിറ്റ്

**ഫോഡർ ഹബ്സ്/ ഫോഡർ മാർക്കറ്റിംഗ് ( ജെ എൽ ജി/ എസ് എച്ച് ജി)** - 1 ഏക്കർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി സബ് സിഡി തുക 75,000/- (രൂപ)/ യൂണിറ്റ്

ചോളം കൃഷി ചെയ്യുന്നതിനുള്ള ധനസഹായം സബ് സിഡി തുക 5,785/-(രൂപ) / യൂണിറ്റ്

ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും അഡ്വൈസറി സർവ്വീസും കണ്ടിജൻസി പശുവളർത്തലിൽ ഫണ്ട് ക്ഷീരകർഷകർക്ക് ആകസ്മികമായുണ്ടാകുന്ന അഡ്വൈസറി സർവ്വീസും

കണ്ടിജൻസി ഫണ്ട് - ക്ഷീരകർഷകർക്ക് പശുവളർത്തലിൽ ആകസ്മികമായുണ്ടാകുന്ന നഷ്ടങ്ങൾക്കുള്ള ധനസഹായം - 15,000/- രൂപ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം വിപണനം എന്നിവയ്ക്ക് ജെ എൽ ജി കൾക്ക് നൽകുന്ന ധനസഹായം - 20,00,000/- രൂപ

ക്ഷീരകർഷകരുടെ പ്രയാസങ്ങൾ മനസിലാക്കിക്കൊണ്ട് ഉൽപ്പാദനചെലവ് കുറച്ചുകൊണ്ട് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ് സിഡി നിരക്കിൽ മിൽമ കർഷകർക്ക് ലഭ്യമാക്കുന്നു. മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ് സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. ഉൽപാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം എന്നിവയും കർഷകർക്ക് നൽകുന്നുണ്ട്. ക്ഷീരകർഷകർക്ക് സ്ഥിരമായ വിലയും വിപണിയും ഉറപ്പുവരുത്തിക്കൊണ്ട്, കർഷകർ ക്ഷീരസഹകരണ സംഘങ്ങളിലൊഴിക്കുന്ന പാലിന് ഗുണനിലവാരത്തിനനുസരിച്ച വില കൃത്യമായ ഇടവേളകളിൽ നൽകി വരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷുറൻസ് പദ്ധതി മേഖലാ യൂണിയനുകൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. 2023-ൽ ഇന്ത്യയിൽ ആദ്യമായാണ് മലബാർ മേഖലായൂണിയൻ പശുക്കൾക്ക് വേണ്ടി കാലാവസ്ഥാ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ മാർക്കറ്റിംഗ് സർപ്ലസ് ഡയറികളിലെത്തിക്കുകയും അത് ഉൽപാദന പ്രക്രിയയ്ക്ക് വിധേയമയാക്കി പാലും പാലുൽപ്പന്നങ്ങളുമാക്കി വിൽപ്പന നടത്തി ലഭിക്കുന്ന ആദായത്തിന്റെ 83 ശതമാനവും കർഷകരിലേക്ക്

| | | | |
|---|---|---|---|
| | | | പാൽ വിലയായും മറ്റാനുകൂല്യങ്ങളുമായി തിരികെ നൽകുന്നു. അതോടൊപ്പം തന്നെ സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടു കൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. ഇത്തരത്തിൽ അതാത് കാലങ്ങളിൽ വിവിധ കാലിത്തീറ്റ സബ്സിഡികളായും, മറ്റനേകം കർഷക ക്ഷേമപ്രവർത്തനങ്ങളായും മിൽമ പ്രവർത്തന ലാഭത്തിന്റെ 98 ശതമാനവും ക്ഷീരകർഷരിലേക്ക് തന്നെ തിരികെ എത്തിക്കുന്നുണ്ട്.<br><br>കൂടാതെ, കേരളാബാങ്ക്, വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ക്ഷീരവികസന വകുപ്പ് എന്നീ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് അതാത് വകുപ്പ് പ്രതിനിധികളുമായി വിശദമായി ചർച്ച നടത്തുകയും, അവയിൽ നിന്നും മിൽമയ്ക്ക് അനുയോജ്യമായവ കണ്ടെത്തി, അതിന്റെ വിശദാംശങ്ങൾ സർക്കുലർ രൂപത്തിൽ, മേഖലാ യൂണിയനുകൾക്കു കീഴിലുള്ള സംഘങ്ങൾ വഴി കർഷകർക്കിടയിൽ എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീരവൃത്തി ഉപജീവനമാക്കിയവർക്ക് ഈ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വളർച്ച കൈവരിക്കാനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ആയതിലൂടെ ക്ഷീരമേഖലയിൽ പുത്തൻ ഉണർവ് കൊണ്ടുവരാൻ കഴിയുമെന്നും പ്രത്യാശിക്കുന്നു. |

സെക്ഷൻ ഓഫീസർ